**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാട്ടരങ്ങ് - സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഇടങ്ങളിൽ നാട്ടരങ്ങ് നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2378/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 06/09/2018

പരാമർശം:- 1. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 04/08/2018 ലെ P4-5364/18/സാം.വ നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/08/2018 ലെ 4.20 നമ്പർ തീരുമാനം.

**ഉത്തരവ്**

ഗ്രാമീണമേഖലയിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഇടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് നാട്ടരങ്ങ് എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരം മാനവീയം വീഥിയുടെ മാതൃകയിൽ വികസിപ്പിക്കുകയാണ് ലക്ഷ്യം. ഭൂമി ഏറ്റെടുക്കുന്നില്ല. സ്ഥല ലഭ്യത അനുസരിച്ച് ചുരുങ്ങിയത് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, പടികൾ, ബഞ്ചുകൾ എന്നിവയാണ് നിർമ്മാണ പ്രവൃത്തി. ഒരു നാട്ടരങ്ങിന്റെ നിർമ്മാണത്തിന് കുറഞ്ഞത് 5.00 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഇതിന്റെ 3:2 അനുപാതത്തിൽ യഥാക്രമം സാംസ്കാരിക വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും ചെലവ് വഹിക്കണമെന്നാണ് വിഭാവന ചെയ്യുന്നത്. ഈ വർഷം സാംസ്കാരിക വകുപ്പ് 50.00 ലക്ഷം രൂപ ഇതിനായി മാറ്റി വച്ച് 16 നാട്ടരങ്ങുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

പരാമർശം 2ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം, ആദ്യഘട്ടമെന്ന നിലയിൽ അനുയോജ്യമായ സ്ഥലത്ത്, പാതയോരങ്ങൾ ഒഴിവാക്കിക്കൊണ്ട് ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് നിർമ്മിക്കുന്നതിന് 3:2 അനുപാതത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനാമോൾ.കെ. ജെ

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ